RAJYASEVAPRAVINA G. PARAMESWARAN PILLAI: (*a*) 9046.

(*b*) The Government have no information.

(*c*) & (*d*) The questions are vague and indefinite.

MR. N. NARAYANA KURUP: ജനസംഖ്യയിൽ ഒൻപതിനായിരത്തി നാൽപ്പത്താറോളംവരുന്ന ഈ സമുദായത്തിൽനിന്നും ലോവർ ഡിവിഷനിലേക്കു യോഗ്യതയുള്ളതായി അര ഡസൻ പേരെങ്കിലും ഉണ്ടായിരിക്കുമെന്നു ഗവണ്മെൻറിനു അറിയാമോ?

RAJYASEVAPRAVINA G. PARAMESWARAN PILLAI: ഉണ്ടായിരിക്കാം.

MR. N. NARAYANA KURUP: അവരിൽ ആക്കും ലോവർ ഡിവിഷനിൽ യാതൊരു ഉദ്യോഗവും കൊടുത്തിട്ടില്ലെന്നു ഗവണ്മെൻറിനറിയാമോ?

RAJYASEVAPRAVINA G. PARAMESWARAN PILLAI. അതിനെപ്പറ്റി അറിവില്ല.

Additional Munsiff's Court, Shertala.

173* **MR. N. NARAYANA KURUP:** Will the Government be pleased to state:

(*a*) whether the estimate for the Additional Munsiff's Court buildings in Shertala is prepared and sanctioned:

(*b*) if so, the approximate expenditure for the same this year; and

(*c*) whether there is any necessity for acquiring additional site for the same purpose?

MR. PUTHUPALLI S. KRISHNA PILLAI: (*a*) to (*c*) The matter is under the consideration of Government.

Bridge near the Police Station, Shertala.

174 * **MR. N. NARAYANA KURUP:** Will the Government be pleased to state:

(*a*) whether the work for the proposed bridge on the western side of the Shertala Police Station over the Alleppey-Shertala canal has been begun for which provision was made in the current year's budget; and

(*b*) if the answer is in the negative, why it is not taken up this year?

MR. I. C. CHACKO: (*a*) Yes.

(*b*) Does not arise in view of the answer to part (*a*).

Industrial Engineer and Chief Inspector of Factories.

175 * **MR. PADIYARA JOSEPH KUNJU:** Will the Government be pleased to state when the office of the Industrial Engineer and Chief Inspector of Factories in the Industrial Department was created?

LIBRARY ARCHIVES Kerala Legislative Assembly

MR. E. I. CHACKO : The office of the Industrial Engineer and Chief Inspector of Factories was created on 18th September 1939.

MR. PADIYARA JOSEPH KUNJU : ഫൻസൻ സെപ്റ്റംബർ ഫ വ്യ-ാ ന്ന- ഇദ്ദേഹത്തെ ഉദ്യോഗത്തിൽ നിയമിച്ചതായി കാണുന്നു. ഇദ്ദേഹത്തിന്റെ ബാദ്ധ്യതകളും ജോലികളും എന്തെല്ലാമാണെന്നു പറയുവാൻ ദയവുണ്ടാകുമോ ?

MR. E. I. CHACKO: വ്യവസായികാവശ്യങ്ങൾക്കുള്ള യന്ത്രസാമഗ്രികളെ സംബന്ധിച്ച് വേണ്ട ഉപദേശം കൊടുക്കുന്നതിനും അവരാവശ്യപ്പെടുന്ന മറ്റുപദേശങ്ങളും കൊടുക്കുന്നതിനുമാണു അദ്ദേഹത്തെ നിയമിച്ചിട്ടുള്ളതു്. ചീഫ് ഇൻസ്പെക്ടർ അഫ് ഫാക്ടറീസ് എന്ന നിലയിൽ എല്ലാ വ്യവസായശാലകളും സന്ദർശിച്ച് അവകൾ ഫാക്ടറി ആക്ടനുസരിച്ച് യഥാവിധി നടത്തുന്നുണ്ടോ എന്നു നോക്കേണ്ടതായിട്ടുമുണ്ട്.

MR. PADIYARA JOSEPH KUNJU : അദ്ദേഹത്തിന്റെ പരീക്ഷായോഗ്യതയെന്താണെന്നു ദയവു പ്രസ്താവിക്കാമോ ?

MR. E. I. CHACKO : ഈ ഉദ്യോഗത്തിനാവശ്യമുള്ള പരീക്ഷായോഗ്യതകളെല്ലാം അദ്ദേഹത്തിനുണ്ടു്.

MR. PADIYARA JOSEPH KUNJU : അദ്ദേഹം തിരുവിതാംകൂറുകാരനാണോ ?

MR. E. I. CHACKO : അതെ.

MR. PADIYARA JOSEPH KUNJU . തിരുവിതാംകൂർ സർവീസിൽ ഇദ്ദേഹത്തിനെപ്പോലെ യോഗ്യതയുള്ള മറ്റു തിരുവിതാംകൂറുകാരാരും ഉണ്ടായിരുന്നില്ലേ ?

MR. E. I. CHACKO : ഉണ്ടായിരുന്നിരിക്കാം. എങ്കിലും ഈ ഉദ്യോഗത്തിനു ഇദ്ദേഹമാണു് പറ്റിയ ആളെന്നു് ഗവണ്മെൻറിനു തോന്നി.

MR. K. P. KOCHUKORA THARAKAN : അദ്ദേഹത്തിന്റെ പരീക്ഷായോഗ്യതകളെന്തെല്ലാമാണു് ?

MR. E. I. CHACKO : അദ്ദേഹം ബാംബെ ബായിലർ ആക്ട് പാസായിട്ടുണ്ടു്. ചീഫ് ഇൻസ്പെക്ടർ അഫ് ഇൻഡസ്ട്രിയൽസ് ഇൻജിനീയറിംഗും മെക്കാനിക്കൽ കോഴ്സും പാസായിട്ടുണ്ടു്.

MR. K. P. KOCHUKORA THARAKAN : ബായിലർ ആക്ട് പാസായതു ഒന്നാംക്ലാസിലൊ രണ്ടാംക്ലാസിലൊ ?

MR. E. I. CHACKO : ക്ലാസ് ഏതാണെന്നു നിശ്ചയമില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. KOCHUKORA THARAKAN : അതല്ല ഞാൻ ചോദിച്ചതു്. ബായിലർ ആക്കിൽതന്നെ ഒന്നാംക്ലാസും രണ്ടാംക്ലാസും ഇങ്ങനെ രണ്ടു പരീക്ഷകളുള്ളതിൽ ഏതു പരീക്ഷയാണു അദ്ദേഹം പാസായിട്ടുള്ളതു് ?

MR. E. I. CHACKO: നിശ്ചയമില്ല.

MR. M. SIVATHANU PILLAI (*Tovala cum Agastiwaram*) : அந்த ஆப்-பீஸருடயபேர் என்னவென்று சொல்லலாமா ?

MR. E. I. CHACKO : മി. സീതാരാമകൃഷ്ണിലിയാ.

Piece-work Employees of the Government Press.

176. * MR. PADIYARA JOSEPH KUNJU : Will the Government be pleased to lay on the table a statement, by caste, of the piece-work employees of the Government Press at Trivandrum ?

DR. H. PARAMESWARAN : The *statement referred to, as it stood on 1-11-1117, is laid on the table.

MR. PADIYARA JOSEPH KUNJU : ഇതിൽ ബ്രാഹ്മണരിൽനിന്നു ഒരു പേരും നായന്മാരിൽനിന്നും ഏഴു പേരും ഉള്ളതായികാണുന്നു. സിറിയൻ കത്തോലിക്കരിൽ പകുതിപോലുമില്ലാത്ത ജേക്കബയിറ്റ്സിനു കത്തോലിക്കരുടെ ഇരട്ടിസ്ഥാനവും കൊടുത്തിരിക്കുന്നു. ഇങ്ങനെ സിറിയൻ കത്തോലിക്കക്കു പ്രാതിനിദ്ധ്യം കുറഞ്ഞുകിട്ടുവാനുള്ള കാരണം എന്താണു് ?

DR. H. PARAMESWARAN : ഇതു് പബ്ലിക്കുസർവീസ് ചട്ടപ്രകാരമുള്ള നിയമനങ്ങളല്ല. പലകാലത്തായി ആവശ്യംപോലെ യോഗ്യതയുള്ള ആളുകളെ വേലചെയ്യുന്നതിനു നിയമിച്ചിട്ടുള്ളതാണു്. അന്നത്തെ കണക്കാണു ഇവിടെ പറഞ്ഞതു്. ഇപ്പോൾ ഈ നിയമനങ്ങളെല്ലാം പബ്ലിക്കുസർവീസ് കമ്മീഷണരുടെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ മേലാൽ അങ്ങനെ വരാൻ ഇടയില്ല.

MR. PADIYARA JOSEPH KUNJU : ഇതേവരെ നടന്ന നിയമനങ്ങൾ മുഴുവനും വർഗ്ഗീയപ്രാധിനിധ്യതത്വം അനുസരിച്ചല്ല എന്നാണോ മനസ്സിലാക്കേണ്ടതു് ?

DR. H. PARAMESWARAN : അല്ല. വേലയ്ക്കു യോഗ്യതയുള്ള ആളുകളെ സൗകര്യംപോലെ എടുത്തു എന്നാണു് ഞാൻ പറഞ്ഞതു്.

MR. PADIYARA JOSEPH KUNJU : അപ്പോൾ സിറിയൻ കത്തോലിക്കക്കു അതിലേക്കുള്ള യോഗ്യതയില്ലെന്നാണോ അഭിപ്രായം ?

DR. H. PARAMESWARAN : അങ്ങനെ അഭിപ്രായമില്ല.

* Vide appendix V.

LIBRARY ARCHIVES Kerala Legislative Assembly